# പരിണാമഗാഥകൾ

## ആത്മാരാമൻ

"സ്വാഭാവികമായ വളർച്ചയിൽ നിന്ന് ഒരു മനുഷ്യാത്മാവിനെ അടർത്തിയെടുത്ത് പറിച്ചുനടുകയെന്ന പ്രക്രിയ കുഴപ്പംപിടിച്ച ഒന്നാണ്. ഈ കുഴപ്പം സ്വന്തം ജീവിതത്തിൽ ആവർത്തിച്ച് അനുഭവപ്പെട്ടിട്ടുണ്ട്. ഒരിക്കൽ സുപ്രസിദ്ധ നാടകകൃത്തായ ബർനാഡ്ഷായുടെ ഒരു നാടകത്തിൽ അങ്ങനെ യൊരു കഥാപാത്രത്തെ പരിചയപ്പെട്ടു. അപ്പോൾ നമ്മുടെ പുരാണത്തിലെ കുബ്ജയേയും ഓർമവന്നു. രണ്ടുപേരും കൂടി മനസ്സിൽക്കിടന്നു കളിച്ചപ്പോൾ ഇങ്ങനെയൊരു കവിതയും വന്നു" – 'വരദാന'മെന്ന കവിതയ്ക്ക് ഇടശ്ശേരി യെഴുതിയ മുഖക്കുറിപ്പാണിത്. 'പിഗ്മാലിയൻ' ആണ് ആ നാടകം. പൂക്കാരി യായ എലിസാ ഡൂലിറ്റിലാണ് ആ കഥാപാത്രം. ഇടശ്ശേരിയ്ക്ക് 'പിഗ്മാലിയൻ' വായിച്ചെടുക്കാൻ വേണ്ട ആങ്ഗലപരിജ്ഞാനമുണ്ടായിരുന്നോ എന്നുറപ്പില്ല. കഥ പറഞ്ഞുകേട്ട് മനസ്സിലുറച്ചതാകാം.* എന്നാൽ എലിസയിൽ നിന്ന് കൃഷ്ണ കഥയിലെ കുബ്ജയിലേയ്ക്ക് ചാടിയ പെരുഞ്ചാട്ടം വലിയ കവികൾക്കുമാത്രം കഴിയുന്ന ഉദ്ഗ്രഥനത്തിന് ഉദാഹരണമാണ്. എലിസയും കുബ്ജയും തമ്മി ലെന്തെന്നാണെങ്കിൽ – പ്രൊഫസർ ഹെൻറി ഹിഗിൻസ് അവളെ നിരന്തരശി ക്ഷണത്തിലൂടെ ഒരു പച്ചപ്പരിഷ്ക്കാരിപ്പെണ്ണാക്കി മാറ്റി, കൃഷ്ണൻ കുബ്ജ യുടെ കൂനുമാറ്റിയതു പോലെ. തൊള്ളായിരത്തി ഐമ്പത്തെട്ടിലാണ് 'വരദാനം' മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അച്ചടിച്ചുവന്നത്. കൃഷ്ണകഥയിലെ ഒരു ശൂന്യ വേള തെരഞ്ഞെടുത്ത് നാടകീയസ്വഭാവമുള്ള കഥാകാവ്യമായി പരിണമിപ്പിക്കു കയാണ് ഇടശ്ശേരി ചെയ്തത്. എന്താണിതിന്റെ നാടകീയസ്വഭാവമെന്നാണെ ങ്കിൽ, രംഗനിർദ്ദേശവും കാലനിർദ്ദേശവും കൊണ്ടുതുടങ്ങി, പാത്രസ്വഭാവവ്യു ത്പാദകമായ സംഭാഷണങ്ങളിലൂടെ – അവയ്ക്കുമുണ്ട് വൃത്തഭേദവും, ശൈലീ ഭേദവും – കഥയെ നിർവഹണത്തിലെത്തിക്കുന്നതും, അധികാരമത്സരത്തിന്റെ രൂപകമെന്നോണം സമാന്തരമായി ഒരു ചതുരങ്ഗക്കളിയെ നിബന്ധിച്ചിട്ടുള്ളതും കാണുക. കവിതയിലെ നാടകം കണ്ട് ആശ്ചര്യപ്പെടേണ്ട. ഇടശ്ശേരി കവി മാത്ര മായിരുന്നില്ലല്ലോ. കവിതയും നാടകവും കൂട്ടുകൃഷിയായികൊണ്ടു നടന്നയാ ളാണദ്ദേഹം. മുന്നൂറിലേറെ കവിതകൾ., പതിനാറുനാടകങ്ങൾ. നാടകമെഴു തുക മാത്രമല്ല ഇടശ്ശേരി ചെയ്തത്., നാടകം കളിക്കുകയും തന്റെ പ്രധാന വ്യവഹാരങ്ങളിലൊന്നായിരുന്നു. 'സങ്കൽപ്പത്തിലെ പെൺകിടാവ്' എന്ന കവിത ഈ നാടകക്കളിയുടെ സാക്ഷ്യമാണ്. മാവിൻചോട്ടിലെ നാടകം എന്ന കവിത രാമഹനൂമാന്നാടകത്തിലെ വേഷങ്ങളാർക്കാർക്കെന്ന ചർച്ചയാണ്. പോരാ, 'പണിമുടക്കം' എന്ന പ്രസിദ്ധകവിതയുടെ മുഖക്കുറിപ്പ് ഇങ്ങനെയാണ് ഇടശ്ശേരി എഴുതിനിർത്തുന്നത് – "ഇവരെല്ലാവരും ഈ കാവ്യഖണ്ഡമാകുന്ന നാടകത്തിലെ കർട്ടൻ വലിക്കാരും പ്രോംപ്റ്റർമാരും നടന്മാരുമാണ്". കൃഷി പ്പണി കഴിഞ്ഞാൽ ഇടശ്ശേരിയ്ക്ക് പ്രിയതരമായത് നാടകമായിരുന്നുവെന്നു വേണം വിചാരിക്കാൻ. അല്ലെങ്കിൽ ഇമ്മട്ടിലുള്ള രൂപകങ്ങൾ അത്രയ്ക്ക് അനൈ ച്ഛികവും അയത്നലളിതവുമായി ഉയിർത്തുവരുവാൻ ഞെരുക്കമാണ്.

കവിതയിലെ നാടകത്തെപ്പറ്റിയാണ് ഇത്രയും പറഞ്ഞത്. നാടകത്തിലെ കവിതയെക്കുറിച്ചും ഒട്ടൊന്നു പറയാനുണ്ടോ? 'വരദാന'മെഴുതി അഞ്ചാണ്ടു കഴിഞ്ഞപ്പോൾ ഇടശ്ശേരി ഒരു നാടകമെഴുതി. 'ഞെടിയിൽ പടരാത്ത മുല്ല'. വർത്തമാനകാലത്ത് മദിരാശി നഗരത്തിൽ നടക്കുന്ന കഥയായാണ് അത് സംഭാ വനം ചെയ്യപ്പെട്ടിട്ടുള്ളത്.

---

*ഇടശ്ശേരി ബർനാഡ് ഷായുടെ 'പിഗ്മാലിയൻ' ഇംഗ്ലീഷിൽ വായിച്ചതാണ്.
ഇടശ്ശേരി സ്മാരകസമിതി പ്രവർത്തകർ

പറിച്ചുനട്ടു നീ കൃഷ്ണ പടരുന്നൊരുവല്ലിയെ
നിനക്കാണിനിയും ഭാരം പന്തലിട്ടുകൊടുക്കുവാൻ

എന്നതാണ് 'വരദാന'ത്തിലെ പാകം. ഇവിടെ കല്ല്യാണിയമ്മയും, ഗോപിനാഥനും, ഉഷയും ചേർന്ന് കാത്യായനിയുടെ ജീവിതം പറിച്ചുനടുകയാണ്. അവരിട്ടുകൊടുത്ത പന്തലിന്മേൽ പടരാൻ അവൾ കൂട്ടാക്കാത്തതാണ് ഇവിടത്തെ പാകം. "ചീര പറിച്ചു നടും പോലെ മനുഷ്യനെപ്പറിച്ചു നടുവാൻ വയ്യ" എന്നാണ് കാത്യായനിയുടെ വാദം. കന്യകാത്വം, ദാമ്പത്യം, പ്രണയം, സോദരബന്ധം, സ്ത്രീ സ്വാതന്ത്ര്യം, പ്രഭുത്വം, ദാസ്യം – തന്റെ ചിരോപചരിതങ്ങളായ എല്ലാ പ്രമേയങ്ങളേയും ഇടശ്ശേരി ഈ നാടകത്തിൽ എടുത്തു പെരുമാറുന്നു. കാത്യായനിയും കുബ്ജയും വരിച്ചതു മാധവനെത്തന്നെ. എന്നാൽ ഇവർ നേർപെങ്ങന്മാരാകുന്നത് ഒരച്ഛനുപിറന്ന മക്കളായതുകൊണ്ടാണ്. ഇടശ്ശേരിയുടെ മാനസപുത്രികളായതുകൊണ്ട്. "അനഭിമതനായ ഒരു പുരുഷനാൽ, അയാൾ ഭർത്താവായിപ്പോയെന്ന കാരണം കൊണ്ട്, ആമരണം ബലാൽസങ്ഗം ചെയ്യപ്പെടുന്ന അനുകമ്പാർഹയായ ഒരു സ്ത്രീയെ പതിവ്രതയെന്നു പുകഴ്ത്താൻ സാമൂഹ്യബോധമുള്ള ഒരു സാഹിത്യനിർമാതാവ് കൂട്ടാക്കുകയില്ല. തെറ്റായ അടിസ്ഥാനങ്ങളിൽ ഉറച്ചുനിന്നിരുന്ന, കുടുംബമെന്ന, സമൂഹത്തിന്റെ സുപ്രധാനഘടകം സത്യത്തിന്റെ വെളിച്ചത്തിൽ തകരുകയാണ്. അടിത്തറ മാറ്റിയേപറ്റൂ" എന്നെഴുതിയ ഇടശ്ശേരിയിലേയ്ക്ക് ഇവിടെനിന്ന് ഏതാനുംചുവട് അകലമേയുള്ളൂ.

ധഎന്തിനാകാം ഉന്മൂലനവും സ്ഥാനാന്തരാരോപണവുമെന്ന ഈ പ്രമേയത്തെ ഇടശ്ശേരി മറ്റൊരു സാഹിത്യരൂപത്തിൽ നിവേശിപ്പിച്ച് പുനഃപരീക്ഷിച്ചത്? അതും സ്വർഗത്തെപ്പറ്റിയെന്നപോലെ തനിക്ക് ഊഹാപോഹങ്ങൾ മാത്രമുള്ള അപരിചിതമായ നാഗരികജീവിതത്തിന്റെ ഉപരിമണ്ഡലത്തിന്റെ പശ്ചാത്തലത്തിൽ? മൂല്യപ്രതിസന്ധികളെ ഭൂതകാലത്തിൽ നിബന്ധിച്ച് അന്വേഷിക്കുക എളുപ്പമുള്ള ഏർപ്പാടാണ്; അവയ്ക്ക് ഭൂതകാലത്തിൽ അധികപ്രസക്തിയൊന്നുമില്ല. തീർത്തും ആധുനികമായ പ്രകരണങ്ങളിൽ പ്രതിഷ്ഠിച്ചു നോക്കുമ്പോഴേ അവയുടെ സാങ്ഗത്യവും പ്രാധാന്യവും വെളിപ്പെടൂ., അപ്പോഴേ കവിയുടെയും കവിതയുടെയും ശക്തി പരീക്ഷിക്കപ്പെടുകയുള്ളൂ – ഇടശ്ശേരി ഇങ്ങനെയൊക്കെയാകും വിചാരിച്ചിട്ടുണ്ടാകുകയെന്നാണ് മൂന്നുപതിറ്റാണ്ടിന്റെ ഇടശ്ശേരിവായനയുടെ ബലത്തിൽ ഞാൻ സങ്കൽപ്പിക്കുന്നത്.

ഈ പറിയ്ക്കലും മാറ്റിനടലും – അതോ, പറിച്ചുമാറ്റലോ?– ഇടശ്ശേരിയുടെ കവിതകളിലും നാടകങ്ങളിലുമാകെ നിഴലിട്ടുനിൽക്കുന്ന – മറ്റൊരു തരത്തിൽപ്പറഞ്ഞാൽ പ്രബന്ധവ്യാപിയായ – പ്രമേയമാണ്.

ആഴത്തിലത്രയും താണിറങ്ങിപ്പോയ
വേരിനിയെങ്ങെന നീ പറിയ്ക്കും?

ഈ ചോദ്യം ഇടശ്ശേരിക്കൃതികളുടെ അമ്പലമണിനാവുകൾ ഒരേ സമയത്ത് കൂട്ടിയടിച്ചു ചോദിക്കുന്ന ചോദ്യമാണ്. ഇത് അക്ഷരാർത്ഥത്തിൽ ഭൗതികമായ ഉൻ-മൂലനമാകാം – 'പുത്തൻകലവും അരിവാളും' എന്ന പ്രശസ്ത രചനയിലെ വിളജപ്തിപോലെ. ഇത് തീർത്തും നിയമാനുസൃതമായിരിക്കാം

കല്പനയുണ്ട്, കളിക്കേണ്ടെന്നൊരു
ശബ്ദം പൊങ്ങി വരമ്പിന്മേൽ
കാൽപ്പായക്കടലാസു നിവർത്തി
ക്കയ്യിലുയർത്തിക്കാണിച്ചേ
ആമീൻ നിൽപൂ...

വിളജപ്തിപോലെതന്നെ ഏകാന്തശോകമാണ് കുടിയിറക്കലിലും. എന്നാൽ കുടിയിറക്കൽ അജ്ഞാതനായ ഏതോ ഒരു നിസ്വന്റെ പരമദീനമായ വിലാപമായി മാത്രം അവസാനിക്കുന്നില്ല.

കുടിയിറക്കപ്പെടും കൂട്ടരേ! പറയുവിൻ,
പറയുവിൻ – ഏതു രാഷ്ട്രക്കാർ നിങ്ങൾ?

പ്രസവിച്ചതിന്ത്യക്കാരായ്, പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടാർക്കാനു, മുടമയില്ലാത്തഭൂ –
പടമേലും പാഴ്‌വരയ്ക്കർത്ഥമുണ്ടോ
എവിടെവിടങ്ങളിൽ ചട്ടിപുറത്തെടു –
ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ
അവിടവിടങ്ങളെച്ചേർത്തുവരയ്ക്കുകൊ
ന്നിവരുടെ രാഷ്ട്രത്തിന്നതിർവരകൾ

എന്ന അന്ത്യഖണ്ഡത്തിലെ പതിറ്റടിയോടെ ഇരുപതാംനൂറ്റാണ്ടിലെ അന്താരാഷ്ട്രതന്ത്രത്തിന്റെ ചരിത്രവ്യാഖ്യാനമായി കവിത വികസിക്കുന്നു. അതുപോലെ ഉന്മൂലനമെന്ന പ്രമേയം കാലത്തിന്റെയും ദേശത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും ആശയങ്ങളുടെയും പരിണാമം എന്ന സാകല്യമായി വികസിക്കുന്നു. അഥവാ, ഇടശ്ശേരിക്കവിതയാകെ ഒരു പരിണാമഗാഥയാണ്. പരിണാമസാക്ഷികളായും, പരിണാമകാരകാന്വേഷകരായും, പരിണാമ ചരിത്രകാരരായും പകർന്നാടുന്ന ആഖ്യാതാക്കളുടെയും കഥാപാത്രങ്ങളുടെയും ആകെത്തുകയാണ് ഇടശ്ശേരിക്കവിത. അതിൽ നിത്യവർത്തമാനമായിരുന്ന ഈ പ്രമേയസാന്നിദ്ധ്യം ഒന്നുകൂടിയിവിടെപ്പറഞ്ഞുവെയ്ക്കട്ടെ

മാത്രകൾകൊണ്ടിനിമറ്റൊന്നാകാം
മാറിമറിഞ്ഞീകേദാരം

എന്നത് ഈ പ്രമേയത്തിന്റെ കടാക്ഷമുദ്രയാകുന്നു.

സുംഭനിസുംഭാദികളെക്കൊന്നൊടുക്കിയോളേ
സുരഭിലപ്പൂവല്ലിപോലെയെങ്ങനെ നീ മാറീ?
ക്രോധമൂർത്തേ, യെങ്ങനെനിൻ സൃഷ്ടിയിലെ ക്രൗര്യം
കോടികോടി പ്രപഞ്ചത്തിൻ കുളുർതണലായ് മാറീ?

പരിണാമത്തിന്റെ രീതിശാസ്ത്രമാണ് ‘കാവിലെപാട്ട്’ എന്ന പ്രഖ്യാതരചനയുടെ പ്രശ്നകേന്ദ്രം. ഹോമപ്പുകയുടെ മറപറ്റി പെരുവിരലിന്മേൽനിന്ന് പെരുമകൾ ഒടുവോളം കാണുന്ന ഇടയൻ –

യാഗശാലയ്ക്കെന്തേപറ്റീ
യോഗീശ്വരനുടെ കാൽവെപ്പാൽ?
യജ്ഞപ്പശുവിൻ വീർപ്പുയരുന്നു,
മന്ത്രഘോഷം വറ്റുന്നൂ!
കൊടുക്കുവാനരുതാത്തതെടുക്കരു –
തെന്നോ മാമുനി ശാസിപ്പൂ
പൊരുളറിവീലെന്നുയിരിൽപ്പുതിയൊരു
കുളിരുണ്ടധുനാ ചൊരിയുന്നൂ!

പരിണാമചരിത്രത്തെയും ചരിത്രപരിണാമത്തെയും നേർക്കുനേർ കാണുന്നവനാണ്. പുതുലോകത്തിന്റെ ഉമ്മറപ്പടിയായെത്തുന്ന പാലം ഉണ്ടാക്കാവുന്ന പരിണാമങ്ങളെപ്പറ്റിയുള്ള ആകുലതകളാണ് കുറ്റിപ്പുറം പാലത്തിലാകെ –

അംബേ, പേരാറേ, നീ മാറിപ്പോമോ?

(ഈ മാറിപ്പോക്കിന്റെ ഏറ്റവും ശുഭോദർക്കായ പ്രതീക്ഷയാണ് ‘പഴകിയചാലുകൾ മാറ്റുക’യെന്ന കവിതയിൽ. ‘കുറ്റിപ്പുറം പാല’മെഴുതിയ ഇടശ്ശേരിയുടെ ദ്വിലഗ്നത പരിസ്ഥിതിശാസ്ത്രപ്രേരിതമായ വിമർശത്തിൽ സൂചിപ്പിച്ചുകണ്ടിട്ടില്ല.)

മാറ്റത്തിന് സമർപ്പിക്കപ്പെട്ട സ്തുതിഗീതമാണ് ‘പൊട്ടിപുറത്ത് ശീവോതി അകത്ത്’

വെളിച്ചം തൂകിടുന്നോളം പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ പൊട്ടിയാട്ടുകതാൻ വരം

പ്രയോജനമാത്രവാദത്തിന്റെ കേവല പ്രഖ്യാപനമായല്ല പിന്നെയോ, ആശയചരിത്രരചനയുടെ ആധാരശിലയെന്ന നിലയ്ക്കാണ് ഏറെ ശ്രദ്ധാർഹമാ

കുന്നത്. മാറിയ പരിതസ്ഥിതിയിൽ ആവർത്തിച്ചുവരുന്ന സംഭവഗതിയുടെ മാധുര്യ മാണ് 'പള്ളിക്കൂടത്തിലേയ്ക്ക് വീണ്ടും' എന്ന കവിത. മാറുന്ന കുപ്പായം മർത്ത്യവളർച്ചതൻ മാഹാത്മ്യമേറും ചരിത്രമാണ്. (പട്ടുകുപ്പായം) നിത്യപരിണാമിയായ സർഗക്രിയയുടെ ആനന്ത്യത്തെയാണ് 'പുരപ്പണി' ലക്ഷ്യ മാക്കുന്നത്.

ചുറ്റിലും പരിണാമിയായിടും പ്രകൃതിയാൽ
മറ്റൊരു ലോകം തന്നെ മെനഞ്ഞു കഴിഞ്ഞാലും

മാറാത്ത തൃഷ്ണയുടെ പ്രകാശനമാണ് 'അശോകമഞ്ജരി'. പരിണാമ വിപര്യയത്തിന്റെ കഥയാണ് 'പള്ളിച്ചൂണ്ടൽ'. മാറ്റം സദ്യോജാതമാകണമെ ന്നില്ല. വിപ്ലവം തല്ലും പിടിയുമല്ലെന്നിടശ്ശേരി. ദീർഘനദീതടയാത്രകൊണ്ട് സാള ഗ്രാമങ്ങൾ മിനുസപ്പെടുന്നതും മാറ്റം തന്നെ. (മകന്റെ വാശി) സൃഷ്ടി-സമഷ്ടി ദ്വന്ദ്വത്തെ സദാ നവീകരിക്കുകയും പുനർനിർവചിക്കുകയും ചെയ്യുന്ന ഈ പരിണാമപ്രക്രിയയെ ദ്വന്ദ്വാതീതമായ നിസ്സംഗതയോടെ കണ്ടിരുന്നുവോ, തന്റെ ജീവിതാന്ത്യത്തിൽ ഈ കവി

വിചിത്രം വ്യക്തിബന്ധത്തിൻ തുടുത്ത ചായം
കഴുകിപ്പോയ് കലുഷമായ് സമൂഹചിത്രം
മനസ്സതു നിരീക്ഷിപ്പൂ വികാരശൂന്യം
മഴപെയ്തൊലിച്ചു നിൽക്കും മതിലുപോലെ
(കടത്തുതോണി)

മാറ്റത്തിന്റെ സംഭ്രമവും വേദനയും തനിക്ക് അറിയാത്തതല്ല.

വിവേകപൂർവം നാം തനതുയിർചീന്തി
വരും തലമുറയ്ക്കുടുപ്പുകൾ തീർക്കാം
(സുഖപ്രസവം)

എന്ന ഭവ്യാംശംസയുടെ പിന്നിൽ ഈ അറിവാണ്. ഇടശ്ശേരിയുടെ ചേത നയിൽ മുഖ്യമായി ഉൾച്ചേർന്നിരിക്കുന്നത് ഭാവികാലധാതുവാണ് എന്നുതോ ന്നും, ഇളംമുറക്കാരെ മുന്നിട്ടുള്ള പ്രതീക്ഷകൾ കാണുമ്പോൾ. ശക്തിയുടെ കവിയെന്നാണല്ലോ ഇദ്ദേഹത്തിന്നു പ്രസിദ്ധി. മൂലാർത്ഥത്തിൽ, ശക്തി, സാദ്ധ്യ തയാണ്. ഭവിഷ്യത് കാലത്തിന്റെ ഉൾച്ചേർച്ചയാലാണോ, ഇടശ്ശേരി ശക്തിയുടെ കവിയാകുന്നത്? ഒന്നുകൂടി. മാറ്റമാണ് ഇടശ്ശേരിക്കവിതയുടെ കേന്ദ്രപ്രമേയ മെന്നാണിവിടെ സ്ഥാപിക്കാനൂന്നുന്നത്. ആധുനികതയുടെ സമ്മർദ്ദങ്ങളിൽ പെട്ട് കേരളദേശവും മലയാള ഭാഷയും പരിണമിച്ചിരുന്ന കാലത്താണ് ഇട ശ്ശേരി എഴുതിയത്. മാറ്റത്തെ ആത്മസാത്കരിക്കാനും, പ്രശ്നവത്കരിക്കാനും കഴിഞ്ഞതുകൊണ്ടാണ് ഇടശ്ശേരിക്കവിതയ്ക്കു സാംസ്കാരിക ചരിത്രത്തിൽ പ്രാധാന്യമേറുന്നതെന്നുകൂടി ദിങ്മാത്രനിർദ്ദേശം ചെയ്തുകൊള്ളട്ടെ.

താൻ കണ്ടറിഞ്ഞ ദുരിതപരിണതികളൊന്നും പോരാഞ്ഞതുപോലെ അവയെ സംഭാവനം ചെയ്തുണ്ടാക്കുന്ന പതിവുമുണ്ടായിരുന്നു, ഇടശ്ശേരി യ്ക്ക്. ആ മൃദുലവസ്തു ലോകത്തിന്റെ പരുക്കൻ പുറംതോട്ടിൽ ഉരയുമ്പോൾ ഉണ്ടാകുന്ന ക്രൂരപരിണാമം വരച്ചുകാണിയ്ക്കാൻ ക്രൂരമായൊരു കൗതുകം തോന്നി – അതാണ് 'പെങ്ങൾ' എന്ന കവിത. സദൃശസംഭവമായ ഒരു റിപ്പോർട്ട് മനസ്സിൽ വിടാതെയുണ്ടാക്കിയ നീറലും കാവ്യരൂപത്തിൽ ഒരു പരീ ക്ഷണകൗതുകവും കൂടിച്ചേർന്നപ്പോൾ ഉണ്ടായതാണ് 'വിവാഹസമ്മാന'മെന്ന കവിത. "കൃഷ്ണപ്പാട്ടിലെ രാസക്രീഡ വായിച്ചുതീർന്നപ്പോൾ താദൃശമായ മറ്റൊരു രംഗം ദുഃഖപര്യവസായിയായേ പറ്റൂ എന്ന് തോന്നി" (അമ്പാടിയി ലേയ്ക്കു വീണ്ടും). 'നെല്ലുകുത്തുകാരി പാറു'വിന്റെ കഥയിൽ കൈവേല യിൽ നിന്ന് യന്ത്രയുഗത്തിലേയ്ക്കുള്ള പരിണാമം മാത്രമല്ല ഉള്ളതെന്ന് ഇട ശ്ശേരി പ്രതിജ്ഞ ചെയ്യുന്നു – "സൗന്ദര്യം, വൈരൂപ്യം, സൗശീല്യം, ദുഃശീലം ഇവയെക്കുറിച്ച് നമുക്കുള്ള സങ്കൽപ്പത്തിന്റെ കെട്ടുറപ്പ് ഒന്നു പരീക്ഷിക്കാൻ കൂടി തോന്നി". പരിണാമം പരീക്ഷണത്തിന്റെ വകഭേദത്തിന്റെയും വ്യതിരേ കത്തിന്റെയും നിത്യ സഹചാരിയാണ്. ഇടശ്ശേരിക്കവിതയുടെ വെളിയടരുകൾ

മുതൽ അകക്കാമ്പുവരെ നിറഞ്ഞു നിൽക്കുന്ന അനന്യതകളെ വിസ്തരിക്കാനിവിടെയിടമില്ല. പരിണാമമെന്ന പ്രമേയസാകല്യത്തെ സ്ഥൂലമായി സൂചിപ്പിച്ചിട്ടേയുള്ളൂ ഈ പ്രബന്ധത്തിൽ. അഥവാ ഈ പ്രബന്ധം തന്നെ പരിണാമത്തിന്റെ ജീവദൃഷ്ടാന്തമാണ്. 'വരദാന'ത്തിലേയും 'ഞെടിയിൽ പടരാത്ത മുല്ല'യിലേയും പ്രമേയപരമായ ഐകരൂപ്യത്തെ മുൻ നിർത്തിത്തുടങ്ങിയ അർത്ഥവാദം എങ്ങനെയൊക്കെയാണ് പരിണമിച്ചത്? സാഹിത്യ കൃതികളുടെ ജൈവപരിണാമമെന്ന് ചില വിമർശകമാനികൾ പറയാറുള്ളത് ഇതു തന്നെയോ?

.